**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3041** **14-02-2024 - ൽ മറുപടിയ്ക്ക്**

**വടകര ആർ.ഡി.ഒ. ഓഫീസിന് ജലവിഭവ വകുപ്പിന്റെ ഭൂമി ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വടകര ആർ.ഡി.ഒ. ഓഫീസിന് പുതുപ്പണത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പിന്റെ ഭൂമി ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചത് എന്നാണെന്നും പ്രസ്തുത അപേക്ഷയിന്മേൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നുമുള്ള വിശദാംശം നൽകുമോ; | (എ) | അപേക്ഷ 22/09/2021-ൽ സർക്കാരിൽ ലഭിച്ചു. ഇതേ വിഷയത്തിലുള്ള ബഹു. വടകര എം.എൽ.എ യുടെ 03/10/2023-ലെ കത്തും ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പദ്ധതി വിഭാഗം 1 ചീഫ് എൻജിനീയർ സമർപ്പിച്ച 27/08/2021-ലെ റിപ്പോർട്ടിന്മേൽ 02/10/2021, 23/11/2021-ലെ കത്ത് പ്രകാരം അധിക വിവരം ആരാഞ്ഞിരുന്നു. 23/12/2021-ൽ പദ്ധതി വിഭാഗം 1 ചീഫ് എൻജിനീയർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ 28/02/2022-ലും 05/04/2022-ലും അധിക വിവരം ആരാഞ്ഞിരുന്നു. 23/05/2022-ൽ പദ്ധതി വിഭാഗം 1 ചീഫ് എൻജിനീയർ സമർപ്പിച്ച റിപ്പോർട്ടിന്മേൽ 23/06/2022-ലും 18/05/2023-ലും അധിക വിവരം ആരാഞ്ഞിരുന്നു. 19/09/2023-ൽ പദ്ധതി വിഭാഗം 1 ചീഫ് എൻജിനീയർ സമർപ്പിച്ച അധിക വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് ഐ.ആർ 1/116/2021-ജവിവ നമ്പർ ഫയൽ പ്രകാരം പരിശോധിച്ചുവരുകയാണ്. |
| (ബി) | പ്രസ്തുത അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിൽ ഉണ്ടായ കാലതാമസത്തിനുള്ള കാരണങ്ങൾ അറിയിക്കുമോ; | (ബി) | ജലസേചന വകുപ്പ് സ്ഥലം ഏറ്റെടുക്കുന്നത് വകുപ്പിന്റെ തന്നെ വിവിധ ആവശ്യങ്ങൾക്കുവേണ്ടിയാണ്. അപേക്ഷയിലെ ആവശ്യം ജലസേചന വകുപ്പുമായി ബന്ധപ്പെട്ടത് അല്ലാത്തതിനാൽ ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായിട്ടില്ല. |
| (സി) | പുതുപ്പണത്ത് ആർ.ഡി.ഒ. ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിർമ്മാണോദ്ഘാടനം 5.02.2021-ൽ നടത്തിയിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | 21/06/2021-ൽ കോഴിക്കോട് ജില്ലാ കളക്ടർ ലാൻഡ് റവന്യു കമ്മീഷണർക്ക് അയച്ച കത്തിൽ വടകര ആർ.ഡി.ഒ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം നടന്നിട്ടുണ്ട് എന്ന് അറിയിച്ചിരുന്നു. |
| (ഡി) | പ്രസ്തുത പ്രവൃത്തിക്കായി ഫണ്ട് വകയിരുത്തി ഭരണാനുമതി ലഭ്യമായിട്ടും ഭൂമി കൈമാറി ലഭിച്ചിട്ടില്ല എന്ന കാരണത്താൽ പദ്ധതി നടപ്പാക്കാൻ കഴിയാത്ത സാഹചര്യം പരിശോധിക്കുമോ; ഇതുമൂലം | (ഡി) | പദ്ധതി നടത്തിപ്പിനും അനുബന്ധ ആവശ്യങ്ങൾക്കും ജലസേചനം വിപുലപ്പെടുത്തേണ്ട ഭാവി ആവശ്യങ്ങൾക്കും വേണ്ടിയാണ് ജലസേചന വകുപ്പ് സ്ഥലം ഏറ്റെടുക്കുന്നത്. |

| | | | |
|---|---|---|---|
| | ഈ പ്രവൃത്തിക്കായി നീക്കിവച്ചിട്ടുള്ള തുക നഷ്ടമാകുമെന്ന് കരുതുന്നുണ്ടോ; | | |
| (ഇ) | എങ്കിൽ പദ്ധതിക്കായി ഭൂമി കൈമാറ്റുന്നതിനും ഫയൽ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) | പദ്ധതി നടത്തിപ്പിനും അനുബന്ധ ആവശ്യങ്ങൾക്കും ജലസേചനം വിപുലപ്പെടുത്തേണ്ട ഭാവി ആവശ്യങ്ങൾക്കും വേണ്ടിയാണ് ജലസേചന വകുപ്പ് സ്ഥലം ഏറ്റെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ